## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4361** **22.07.2015 ൽ മറുപടിയ്ക്ക്**

## നാളീകേരത്തിന്റെ വിലയിടിവും വെളിച്ചെണ്ണ ഇറക്കുമതിയും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) നാളീകേരത്തിന്റെയും നാളീകേരോൽപ്പന്നങ്ങളുടെയും വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ), (ബി) & (സി) | നാളീകേരത്തിനും നാളീകേരോല്പന്നങ്ങൾക്കും ഇപ്പോൾ ന്യായമായ വിലയാണ് വിപണിയിലുള്ളത്. നാളീകേരത്തിന്റെ വിലയിടിവ് പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ കൃഷിഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നത്. 2013 ജനുവരി മാസം മുതൽ നടപ്പിലാക്കിത്തുടങ്ങിയ ടി പദ്ധതി ,2015-16 വർഷത്തിലും തുടരുന്നു.<br>2015 സീസണിലെ കൊപ്രായുടെ താങ്ങുവില നിശ്ചയിക്കുന്നതിന് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് , കേന്ദ്രകാർഷിക വിലനിർണ്ണയ ബോർഡിലേയ്ക്ക് വെളിച്ചെണ്ണ കയറ്റുമതിയ്ക്കുള്ള നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നതിനും ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി ചുങ്കം ഉയർത്തുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.<br>പ്രധാനമന്ത്രി, കേന്ദ്ര കൃഷി മന്ത്രി, വാണിജ്യ വകുപ്പ് മന്ത്രി തുടങ്ങിയവരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടു വന്നിട്ടുണ്ട്. |
| (ബി) ഇവയുടെ വിലയിടിവ് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് നിവേദനം നൽകുകയോ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയോ ചെയ്തിട്ടുണ്ടോ ; | | |
| (സി) ഇല്ലെങ്കിൽ അടിയന്തരമായി സർവ്വകക്ഷി സംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെക്കണ്ട് വെളിച്ചെണ്ണ ഇറക്കുമതി നിർത്തിവെയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ